ഇഹത്തിലെ ദുരിതങ്ങൾ തീരാറായ് നാം

പരത്തിലേക്കുയരും നാൾ വരുമല്ലോ

വിശുദ്ധാന്മാരുയിർക്കും പറന്നുയരും വേഗം

വന്നിടും കാന്തൻറെ മുഖം കാണ്മാൻ...

വാനസേനയുമായ് വരും പ്രിയൻ

വാനമേഘേ വരുമല്ലോ

വരവേറ്റം സമീപമായ് ഒരുങ്ങുക സഹജരേ

സ്വർഗ്ഗീയ മണാളനെ എതിരേല്പാൻ...

അവർ തൻറെ ജനം താൻ അവരോടു കൂടെ

വസിക്കും കണ്ണീരെല്ലാം  തുടച്ചീടുംനാൾ

മൃത്യുവും ദുഃഖവും മുറവിളിയും

നിന്ദകഷ്ടതയുമിനി തീണ്ടുകില്ല

വാന..

കൊടുങ്കാറ്റലറിവന്നു കടലിളകീടിലും

കടലലകളിലെന്നെ കൈവിടാത്തവൻ

കരം തന്നു കാത്തു സൂക്ഷിച്ചതുമയായി

തൻറെ വരവിൽ പ്രത്യാശയോടെ നടത്തീടുമേ

വാന..

തൻ കൃപകളെന്നുമോർത്തുപാടിടും ഞാൻ

തൻറെ മുഖ ശോഭനോക്കിക്കൊണ്ടോടിടും ഞാൻ

പെറ്റതള്ള തൻ കുഞ്ഞിനെ മറന്നീടിലും

എന്നെ മറക്കാത്ത മന്നവൻ മാറാത്തവൻ..

വാന..

രാപ്പകലും ഒന്നായ് വന്നിടുമേ നാം

രാത്രിവരും മുമ്പേ വേല തീർത്തിടുക

രാത്രി നമ്മെ വിഴുങ്ങുവാനടുത്തിടുമ്പോൾ വാനിൽ

നീതിസൂര്യൻ നമുക്കായുദിച്ചിടുമേ..

വാന....

Ihatthile durithangal theeraaraayu naam

paratthilekkuyarum naal varumallo

vishuddhanmaaruyirkkum parannuyarum vegam

vannidum kaanthante mukham kaanmaan.... 2

vaanasenayumaayu varum priyan

vaanameghe varumallo 2

varavettam sameepamaayu orunguka sahajare

svarggeeya manaalane ethirelpaan..... 2

avar thante janam thaan avarodu koode

vasikkum kanneerellaam thudaccheedumnaal

mruthyuvum duakhavum muraviliyum

nindakashtathayumini theendukilla 2

vaana..

kodunkaattalarivannu kadalilakeedilum

kadalalakalilenne kyvidaatthavan

karam thannu kaatthu sookshiccharumayaayi

thante varavil prathyaashayode nadattheedume 2

vaana..

than krupakalennumortthu paadidum njaan

thante mukha shobhanokkikkondodidum njaan

pettathalla than kunjine maranneedilum

enne marakkaattha mannavan maaraatthavan.. 2

vaana..

raappakalum onnaayu vannidume naam

raathrivarum mumpe vela theertthiduka

raathri namme vizhunguvaanadutthidumpol vaanil

neethisooryan namukkaayudicchidume.. 2 Vaana....